പ്രദേശത്ത് അതിരൂക്ഷമായ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രദേശത്തുകൂടി കടന്നുപോകുന്ന ഇലക്ട്രിക്ലൈൻ ത്രീഫെയ്സ് ലൈൻ ആക്കണമെന്ന ഗുണഭോക്താക്കളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഭാഗത്തെ വോൾട്ടേജ് ക്ഷാമം എന്നത്തേക്ക് പരിഹരിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ഇ) പ്രസ്തുത പ്രദേശത്തെ വോൾട്ടേജ്ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ഈ പ്രദേശത്തെ 410 മീറ്റർ സിംഗിൾ ഫേസ് ലൈൻ, ത്രീഫേസ് ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തിക്കുവേണ്ടി 42,804 രൂപയുടെ എസ്റ്റിമേറ്റ് ബോർഡ് പാസ്സാക്കിയിട്ടുണ്ട്. സാധനസാമഗ്രികളുടെ ലഭ്യതയും, മുൻഗണനാക്രമവും അനുസരിച്ച് ഈ പ്രവൃത്തി 2006 മാർച്ചിന് മുൻപ് പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി

44 [2794] *ശ്രീ. സി. മമ്മൂട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പടിഞ്ഞാറത്തറയിൽ ആരംഭിച്ച കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നു;

(ഡി) ഇതുവരെയായി ഈ പദ്ധതിക്ക് എന്തുതുക ചെലവായി;

(ഇ) പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ ഇനിയും എന്തു തുകയാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) സ്പിൽ വേ ഡാമിലെ റേഡിയൽ ഗേറ്റുകൾ ഘടിപ്പിക്കുന്ന ജോലി ഒഴികെയുള്ളവ പൂർത്തിയായിട്ടുണ്ട്.

(ബി) 2005 ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 8-10-1982-ലെ ഉത്തരവ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുക 34.045 കോടി രൂപ യായിരുന്നു. 6-12-1989-ൽ ഇത് 88.28 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) 193.20 കോടി രൂപ.

(ഇ) ഏകദേശം 4 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

മഞ്ചേരി മുനിസിപ്പാലിറ്റിയിൽ വൈദ്യുതിലൈൻ നീട്ടുന്നതിനുള്ള പണി

45 [2795] *ശ്രീ. ഇസ്ഹാക് കുരിക്കൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മുനിസിപ്പാലിറ്റിയിൽ എലമ്പ്ര പ്രദേശത്ത് വൈദ്യുതിലൈൻ നീട്ടുന്നതിനുള്ള പണി മുടങ്ങിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പണി തുടരുന്നതിനാവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിന് നടപടി സ്വീകരിച്ച് പണി പൂർത്തിയാക്കാനും വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകിയവർക്ക് കണക്ഷൻ നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ

46 [2796] *ശ്രീ. കെ. കെ. ജയചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2004 വരെയുള്ള വർഷങ്ങളിൽ ഉടുമ്പൻചോല മണ്ഡല ത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര കാർഷിക, വ്യാവസായിക, ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(സി) ഇതിന്റെ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ഡി) എത്ര അപേക്ഷകർക്ക് വിവിധ രംഗങ്ങളിലായി കണക്ഷൻ നൽകാനുണ്ട്;

(ഇ) പ്രസ്തുത അപേക്ഷകളിൻമേൽ എന്ന് തീർപ്പ് കൽപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly